<u>പതിമൂന്നാം കേരള നിയമസഭ</u>
<u>അഞ്ചാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത</u> | <u>14/06/2012-ൽ മറുപടി</u>
<u>ചോദ്യം നം. 1029</u> | <u>നല്കേണ്ടത്</u>

## <u>ഭൂമി കയ്യേറ്റം തടയാൻ ആധുനിക സാങ്കേതിക സംവിധാനം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എം.എ. വാഹീദ്<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. എ. റ്റി. ജോർജ് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) കയ്യേറിയ സർക്കാർ വക ഭൂമി തിരിച്ചെടുത്ത് സംരക്ഷിക്കുന്നതിനും കയ്യേറ്റങ്ങൾ തടയുന്നതിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;<br><br>(ബി) പ്രസ്തുത ആവശ്യത്തിലേയ്ക്കായി ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സിന് രൂപം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ; | (എ)&(ബി) കൈയേറ്റങ്ങൾ തടയുന്നതിനും കൈയേറിയ ഭൂമി തിരികെ ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനും നിയമപ്രകാരമുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. കൈയേറ്റങ്ങൾ ഒഴിപ്പിച്ച് സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനുള്ള കർമ്മ പദ്ധതി എന്ന നിലയിൽ ലാന്റ് റവന്യൂ വകുപ്പിൽ 'പബ്ലിക് ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സിന് രൂപം നല്കിയിട്ടുണ്ട്. |
| (സി) ഭൂമി സംരക്ഷണത്തിനായി എല്ലാ സ്ഥലങ്ങളിലേയ്ക്കും കണക്റ്റിവിറ്റി ഉൾപ്പെടെ ആധുനിക സാങ്കേതിക സൗകര്യമുള്ള നിരീക്ഷണ സംവിധാനം സ്ഥാപിക്കുമോ; എന്തെല്ലാം ആധുനികസാങ്കേതിക വിദ്യകളാണ് ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്? | (സി) ഏരിയൽ ഫോട്ടോഗ്രഫി, സാറ്റലൈറ്റ് ഇമേജറി തുടങ്ങിയ ആധുനിക സംവിധാനങ്ങൾ ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ